# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 364 24/08/2017ൽ മറുപടിയ്ക്ക്

## മരവൽക്കരണം എന്ന കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>" എം.ഉമ്മർ<br>" പി.ബി.അബ്ദുൾ റസ്സാക്ക്<br>" അബ്ദുൾ ഹമീദ്.പി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവത്കരണം എന്ന കർമ്മപദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടു ണ്ടോ; വിശദമാക്കാമോ; | എ സ്വകാര്യ ഭൂമിയിൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവത്ക്കരണം എന്ന കർമ്മ പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17.02.2012-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 99/12/വനം, 29.09.2012-ലെ ജി.ഒ.(ആർ.റ്റി) 486/12/ വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. |
| ബി പ്രസ്തുത പദ്ധതിയിൽ ഓരോ അഞ്ച് വർഷവും അഞ്ഞൂറ് രൂപ ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | ബി സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതിയിൽ ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ളതു പ്രകാരമുള്ള ധനസഹായമില്ല. ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ |

ചുവടെ ചേർക്കുന്നു.

1) തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലി ക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തല ങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിര ക്കിലുമാണ് ധനസഹായം നൽ കുന്നത്.

2) പ്രോത്സാഹന ധനസഹായത്തിന് പ രിഗണിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 1 മുതൽ 2 വർഷം വരെ പ്രായമുള്ളതും ആരോഗ്യമുള്ളതുമായ 50 തൈകൾ പ രിശോധനാസമയത്ത് ഉണ്ടായിരിക്കേണ്ടതാണ്.

3) ഒരു നിശ്ചിത സ്ഥലത്ത് പ്രോത്സാഹന ധനസഹായത്തിനുള്ള അർഹത പത്തു വർഷത്തിൽ ഒരിക്കൽ ആയിരിക്കും. പിൽക്കാലത്ത് ഈ സ്ഥലങ്ങളിൽ കൂടുതലായി നടുന്ന തൈകൾക്ക് (ചുരുങ്ങിയത് 50 എണ്ണം) അർഹമായ അധിക പ്രോത്സാഹന ധനസഹായത്തിന് അപേ ക്ഷിക്കാവുന്നതാണ്.

4) പ്രോത്സാഹന ധനസഹായത്തിന്റെ 50% ഒന്നാം ഗഡുവായി ആദ്യവർഷവും ബാക്കി 50% ര ണ്ടാം ഗഡുവായി മൂന്നാം വർഷവും നൽകുന്നതായിരിക്കും. ആദ്യ വർഷാവസാനം തേക്ക്, മഹാഗണി എന്നീ മരങ്ങൾ ചുരുങ്ങിയത് ഒരു മീറ്റർ ഉയരവും മറ്റു തൈകൾക്ക് ചുരുങ്ങിയത് 1/2 മീറ്റർ വീതം ഉയരവും പരിശോധനാ സമയത്ത് ഉണ്ടായിരിക്കണം. തൈകളുടെ വളർച്ചയും ആരോഗ്യവും കണക്കി ലെടുത്തായിരിക്കും പ്രോത്സാഹന ധനസഹായത്തിന്റെ രണ്ടാം ഗഡു (മൂന്നാം വർഷം) അനുവദിക്കുന്നത്.

| | | | |
|---|---|---|---|
| | | | 5) ഈ സ്കീമിൽ പൊതുജനങ്ങൾക്കുള്ള താല്പര്യം നിലനിർത്തുന്നതിനായി പ്രോത്സാഹന ധനസഹായം നൽകപ്പെട്ട സ്ഥലങ്ങൾ ഓരോ 5-ാം വർഷം അവസാനവും 10-ാം വർഷം അവസാനവും ഇതുമായി ബന്ധപ്പെട്ട കമ്മിറ്റി സന്ദർശിച്ച്, ഏറ്റവും നല്ല പ്രകടനം കാഴ്ചവയ്ക്കുന്ന 3 പേർക്ക് ജില്ലാ തലത്തിൽ ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. |
| സി | പ്രസ്തുത പദ്ധതിയ്ക്കുള്ള വൃക്ഷത്തൈകൾ നൽകുന്ന കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | സി | പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ മേൽ പറഞ്ഞ 10 ഇനം വൃക്ഷത്തൈകൾ വനം വകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗം ഉത്പാദിപ്പിച്ച് സർക്കാർ നിരക്കിൽ വ്യക്തികൾക്ക് വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ